**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമാണാനുമതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ 87 നഗരസഭകളിലും, 6 കോർപ്പറേഷനുകളിലും കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് കോഴിക്കോട്,തിരുവനന്തപുരം കോർപ്പറേഷനിൽ ഒഴികെയുള്ള നഗരസഭകളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് കോർപ്പറേഷനിൽ ഇത്തരത്തിൽ ചില ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുവാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തിരുവനന്തപുരം നഗരസഭയിലും ചില കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അത്തരത്തിൽ അനുവദിച്ച നല്കിയിട്ടുള്ള കെട്ടിട നമ്പരുകൾ റദ്ദ് ചെയ്യുന്നതിനും ഇതിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കോഴിക്കോട് നഗരസഭയിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ എൻട്രി ചെയ്ത് അംഗീകാരം നൽകി സൂക്ഷിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ഓൺലൈൻ സോഫ്റ്റ് വെയറായ "സഞ്ചയ" സോഫ്റ്റ് വെയറിൽ ജീവനക്കാർക്ക് അനുവദിച്ച ലോഗിൻ വിവരങ്ങൾ ദുരുപയോഗം ചെയ്ത് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ സോഫ്റ്റ് വെയറിൽ മാത്രമായി കെട്ടിട നമ്പർ അനുവദിക്കുകയും ആയതിൽ ചില കെട്ടിടങ്ങളുടെ നികുതി അടവാക്കുകയും ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ ആയതിൻ മേൽ നഗരകാര്യ ഡയറക്ടറോട് അന്വേഷണ റിപ്പോർട്ട് തേടിയിട്ടുള്ളതാണ്. നിലവിൽ 10 കെട്ടിടങ്ങളിലായി |

| | | | |
|---|---|---|---|
| | | | 22 കെട്ടിട നമ്പറുകൾ ഇത്തരത്തിൽ ക്രമക്കേടിലൂടെ നമ്പർ അനുവദിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളതാണ്. |
| (ബി) | അനധികൃത കെട്ടിടങ്ങൾക്കും പണിപൂർത്തിയാകാത്ത കെട്ടിടങ്ങൾക്കും കെട്ടിട നമ്പരുകൾ അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. കോഴിക്കോട്, തിരുവനന്തപുരം, കോർപ്പറേഷനുകളിൽ അനധികൃതമായി കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് നല്കിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സ്ഥലപരിശോധന നടത്താതെ കെട്ടിട നിർമാണത്തിന് അനുമതി നൽകിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | നിലവിൽ അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല . |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തി ഓരോ സേവനങ്ങൾക്കും കൊടുക്കേണ്ട ഫീസ് വിവരങ്ങളും സേവനങ്ങൾ ലഭ്യമാകുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്ക് കാണത്തക്ക വിധം ഓഫീസ് പരിസരത്ത് പ്രദർശിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിന് ടോക്കൺ സംവിധാനം , സിംഗിൾ വിൻഡോ സിസ്റ്റം പ്രത്യേക കൗണ്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ജീവനക്കാർക്ക് പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നിർബന്ധമാക്കൽ , ഓഫീസുകളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തൽ, ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കൽ എന്നിവ നടപ്പാക്കുന്നത് നഗരസഭ തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച പരാതികൾ ഒഴിവാക്കുന്നതിന് ഐബിപിഎംഎസ് സംവിധാനം നഗരസഭകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജന സേവനങ്ങളും ഫയൽ നീക്കവും ഓൺലൈൻ മുഖേനയാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഐഎൽജിഎംഎസ്(Integrated Local Self Government Management/system)നടപ്പിലാക്കിയിട്ടുണ്ട്. നഗരകാര്യ തദ്ദേശ സ്ഥാപനങ്ങളിൽ ഐഎൽജിഎംഎസ് പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ